പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3568 20/06/2018-ൽ മറുപടിക്ക്

## ഹൃദയസംബന്ധമായ അസുഖങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ ഹൃദയസംബന്ധമായ അസുഖങ്ങൾ ആശങ്കാജനകമാംവിധം വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | എ) | യുവജനങ്ങൾക്കിടയിൽ ഹൃദ്രോഗബാധ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് ആശങ്കാജനകമാംവിധം വർദ്ധിക്കുന്നതായുള്ള പഠനങ്ങളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) | എങ്കിൽ ഹൃദ്രോഗ ചികിത്സയ്ക്കുള്ള സംവിധാനം ജില്ലാ ആശുപത്രികളിൽ ഒരുക്കുന്നതിന് ആലോചിക്കുമോ; | ബി) | എല്ലാ ജില്ലകളിലും ഒരു കൊറൊണറി കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ആരോഗ്യ വകുപ്പും കേന്ദ്രാവിഷ്കൃത ജീവിത ശൈലീരോഗ നിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് ലൂടെയും സ്വീകരിച്ചു വരുന്നു. പാലക്കാട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ കാത്ത് ലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത് കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| സി) | ഈവനിംഗ് സ്പെഷ്യാലിറ്റി ഒ.പി. സംവിധാനം ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ